പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3707 — 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ബസ്സ് സർവ്വീസുകൾ നടത്തുന്നുണ്ട്; | (എ) | ഷെഡ്യൂൾ പുനഃക്രമീകരണത്തിന് ശേഷം കെ.എസ്.ആർ.ടി.സി നിലവിൽ 5637 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകൾ വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു CNG ബസ് ഉൾപ്പടെ 101 ബസ്സുകൾ വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ, ബാക്കിയുണ്ടായിരുന്ന ഷാസികൾ ബോഡി നിർമ്മിച്ച് 582 എണ്ണവും, JnNURM സ്കീമിൽ ബാക്കിയുണ്ടായിരുന്ന 117 എണ്ണവും ലഭ്യമായിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ ഒരു മാസത്തെ ശരാശരി കളക്ഷൻ എത്രകോടി രൂപയാണ്; | (സി) | 2017-18 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെയും, കെ.യു.ആർ.ടി.സി.യുടെയും കൂടിയുള്ള പ്രതിമാസ ടിക്കറ്റ് വരുമാനം ശരാശരി 182,12,31,757/- രൂപയാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ശരാശരി മാസത്തിൽ എത്രകോടി രൂപയാണ്; | (ഡി) | ശരാശരി 133.75 കോടി രൂപ. |
| (ഇ) | കെ.എസ്.ആർ.ടി.സി. യുടെ വരു | (ഇ) | യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളി |

| | | | |
|---|---|---|---|
| | മാനം വർദ്ധിപ്പിച്ച് ലാഭകരമാക്കുന്നതിനും യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | | ലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിലേയ്ക്കായി നിരവധി നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് ഉപകാരപ്പെടുന്ന രീതിയിൽ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ വളരെ പ്രധാനമായ കേരളത്തിലെ റൂട്ടുകളിൽ 'ചിൽ സർവ്വീസ്' എന്ന പേരിൽ ലോ ഫ്ലോർ ബസ്സുകൾ ഓരോ മണിക്കൂർ ഇടവേളകളിൽ സർവ്വീസ് നടത്തുന്നതുവഴി പ്രസ്തുത റൂട്ടുകളിലെ യാത്രാക്ലേശം വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം തന്നെ തിരുവനന്തപുരം,നെടുമ്പാശ്ശേരി, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നും എ.സി ബസ്സുകൾ നഗരത്തിലേക്കും, തിരിച്ചും ഫ്ലൈ ബസ് എന്ന പേരിൽ സർവ്വീസ് കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ആയത് ആഭ്യന്തര, അന്താരാഷ്ട്ര വിമാന യാത്രക്കാർക്ക് വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. കൂടാതെ സ്റ്റോപ്പുകൾ പരിമിതപ്പെടുത്തി രാത്രികാലത്ത് ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ 'മിന്നൽ' സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. മിതമായ നിരക്കുകളും, പുഷ്ബാക്ക് സീറ്റുകളും, സമയനിഷ്ഠ പാലിക്കുകയും ചെയ്യുന്ന ടി സർവ്വീസുകൾ വളരെയധികം സ്വീകാര്യത ജനങ്ങൾക്കിടയിൽ നേടിക്കഴിഞ്ഞു. ഷെഡ്യൂൾ പുനഃക്രമീകരണം, ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം എന്നിവ വഴി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കാനും യാത്രാക്ലേശം കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെ |

| | | | |
|---|---|---|---|
| | | | ടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിത മായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതി കമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാ ക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.<br><br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്ന തിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി. സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേ ക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതി യതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചി ട്ടുണ്ട്.<br><br>29-09-2018-ലെ G.O.(Ms) No. 58/2018/TRANS എന്ന ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് ഡ്രാഫ്റ്റ് ഇലക്ട്രിക് വെഹിക്കിൾ പോളിസി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 2025 വർഷത്തോടെ കെ.എസ്.ആർ.ടി.സി. യുടെ ബസുകളിൽ ഒരു ഭാഗം ഇലക്ട്രിക് ബസുകൾ ആയി മാറ്റണമെന്നും വിഭാവനം ചെയ്യുന്നു. ഇതിന്റെ ഭാഗമായി 10 ഇലക്ട്രിക് ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ 15-11-2018 മുതൽ പമ്പ- നിലയ്ക്കൽ റൂട്ടിൽ ഓപ്പറേറ്റ് ചെയ്ത് വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യിൽ പുനരുദ്ധാര ണത്തിന്റെ ഭാഗമായി ക്രെഡിറ്റ് / ഡെബിറ്റ് |

| | | | |
|---|---|---|---|
| | | | കാർഡുകൾ / എൻ.സി.എം.സി / ക്യു.ആർ കോഡ് എന്നിവ ഉപയോഗിച്ച് ടിക്കറ്റ് എടുക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ (ETM) വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. ടി സംവിധാനങ്ങളോടു കൂടി ഇ.ടി.എം-കൾ പരീക്ഷണാടിസ്ഥാനത്തിൽ നിലയ്ക്കൽ - പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ നിലയ്ക്കലിൽ പത്തും, ത്രിവേണിയിൽ അഞ്ചും സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങളോടുകൂടിയ പുതിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ ലഭ്യമാക്കി സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി Human Resource-ഉം, Payroll-ഉം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് M/s.Keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**